| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാറാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.36 | | 08/02/2016 ൽ മറുപടിക്ക് | |
| ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിൽ അഴിമതി കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ കാലയളവിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) യും (ബി) യും | വിവിധ വകുപ്പുകളിലെ അഴിമതികളെക്കുറിച്ചുള്ള ആരോപണങ്ങളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന, സത്വരാന്വേഷണം, വിജിലൻസ് അന്വേഷണം എന്നിവ നടത്തി കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുകയോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയോ ചെയ്തു. കേസുകളുടെ വകുപ്പുതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത്തരം ജീവനക്കാരിൽ എത്രപേർക്കെതിരെ വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ടെന്നു പറയാമോ; ഡിപ്പാർട്ട്മെന്റ്, തസ്തിക എന്നിവ തിരിച്ചുള്ള കണക്ക് നൽകാമോ; | | |
| (സി) | സർക്കാർ ജീവനക്കാർക്കെതിരെ അഴിമതിയുടെ പേരിൽ ഉണ്ടായിട്ടുള്ള കേസുകളിൽ എത്രകാലമെടുത്താണ് തീർപ്പുണ്ടാകുന്നത് എന്നു പറയാമോ; | (സി) | വിജിലൻസ് കേസുകളുടേയും വിവിധ അന്വേഷണങ്ങളുടേയും ബാഹുല്യം, അന്വേഷണ ഉദ്യോഗസ്ഥരുടെ അപര്യാപ്തത എന്നിവയും കുറ്റാരോപിതർ, സാക്ഷികൾ, എന്നിവരുടെ മൊഴികൾ യഥാസമയം ലഭിക്കാതെ വരുക, തെളിവുകളുടെ രേഖകൾ യഥാസമയം ലഭിക്കാതിരിക്കുക എന്നിവ കാരണവും വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയാകുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം വിജിലൻസ് കോടതികളിൽ സമർപ്പിച്ച കേസുകളിൽ വിചാരണ നടപടികൾ പൂർത്തിയാക്കുന്നതിന് ശരാശരി ഒരു വർഷം മുതൽ 20 വർഷം വരെ സമയം എടുക്കാറുണ്ട്. ഇപ്രകാരം വിജിലൻസ് കോടതികളിലെ കാലതാമസം ഒഴിവാക്കാൻ സർക്കാർ രണ്ടു കോടതികൾ കൂടി അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പാക്കുന്നതിന് ശരാശരി ഒന്നു മുതൽ 8 വർഷം വരെ സമയം എടുക്കുന്നുണ്ട്. തുടർന്ന് സുപ്രീം കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പുകൾ കൽപ്പിക്കുന്നതിന് ഒന്നു മുതൽ അഞ്ചു വർഷം വരെ ശരാശരി സമയം എടുക്കുന്നുണ്ട്. |
| (ഡി) | തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ എടുക്കുകയും ജീവനക്കാരെ തലങ്ങും വിലങ്ങും കേസിന്റെ പേരിൽ സ്ഥലംമാറ്റുകയും കേസിന്റെ തീർപ്പിന് കാലവിളംബം ഉണ്ടാക്കി ജീവനക്കാരെ വഴിയാധാരമാക്കുകയും ചെയ്യുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനും ജീവനക്കാരെ അകാരണമായി കേസുകളിൽ പ്പെടുത്താതിരിക്കാനും എന്തെല്ലാം നടപടികൾകൈക്കൊണ്ടുവെന്നും വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം
.. I ..

| ക്രമ നമ്പർ | വകുപ്പ് | ഗസറ്റഡ് | നോൺ ഗസറ്റഡ് | മറ്റുള്ളവർ |
|---|---|---|---|---|
| 1 | സാമൂഹ്യനീതി | -- | 2 | 4 |
| 2 | കൃഷി | 8 | 41 | 10 |
| 3 | മൃഗസംരക്ഷണം | 8 | -- | 3 |
| 4 | സഹകരണം | 5 | 28 | 88 |
| 5 | പൊതുവിതരണം | 8 | 32 | 68 |
| 6 | ദേവസ്വം | 2 | 16 | 55 |
| 7 | വിദ്യാഭ്യാസം | 24 | 35 | 23 |
| 8 | എക്സ്സൈസ് | 8 | 22 | 5 |
| 9 | മത്സ്യ ബന്ധനം | 5 | 2 | 3 |
| 10 | വനം | 7 | 13 | 4 |
| 11 | ഹാർബർ എഞ്ചിനീയറിംഗ് | 17 | 4 | 4 |
| 12 | ആരോഗ്യം | 6 | 15 | 7 |
| 13 | വ്യവസായം | 10 | 15 | 11 |
| 14 | ജലസേചനം | 13 | 13 | 16 |
| 15 | നീതിന്യായം | 2 | 4 | -- |
| 16 | കാഡ്കോ | -- | -- | 2 |
| 19 | കേരള അഗ്രോ ഇൻഡസ്ട്രീസ് | -- | -- | 2 |
| 20 | കെൽ | -- | -- | 4 |
| 21 | ഖാദി | -- | -- | 8 |
| 22 | കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | -- | -- | 6 |
| 23 | കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡ് | 3 | 3 | 12 |
| 24 | കേരള സംസ്ഥാന ജല അതോറിറ്റി | 8 | 11 | 2 |
| 25 | തദ്ദേശ സ്വയംഭരണ വകുപ്പ് | 56 | 88 | 70 |
| 26 | മോട്ടോർ വാഹന വകുപ്പ് | 41 | 59 | 43 |
| 27 | നിർമ്മിതി കേന്ദ്രം | -- | 1 | -- |
| 28 | പഞ്ചായത്ത് | 38 | 53 | 102 |
| 29 | മലിനീകരണ നിയന്ത്രണ ബോർഡ് | 3 | 2 | 8 |
| 30 | പോലീസ് | 16 | 26 | 10 |
| 31 | പോർട്ട് | 5 | -- | 8 |
| 32 | പൊതുമരാമത്ത് | 37 | 42 | 25 |
| 33 | ഗ്രാമവികസനം | 12 | 15 | 27 |
| 34 | രജിസ്ട്രേഷൻ | 21 | 6 | 23 |
| 35 | റവന്യൂ | 39 | 193 | 192 |
| 36 | സയൻസ് പാർക്ക് | 1 | -- | -- |

| ക്രമ നമ്പർ | വകുപ്പ് | ഗസറ്റഡ് | നോൺ ഗസറ്റഡ് | മറ്റുള്ളവർ |
|---|---|---|---|---|
| 37 | മണ്ണ് സംരക്ഷണം | 2 | 1 | -- |
| 38 | പട്ടിക വർഗ്ഗ വികസനം | 7 | 9 | 15 |
| 39 | സപ്ലൈകോ | -- | 2 | -- |
| 40 | സർവ്വേയും ഭൂരേഖയും | 7 | 19 | 14 |
| 41 | വാണിജ്യ നികുതി | 26 | 7 | 16 |
| 42 | നഗരകാര്യം | 23 | 32 | 28 |
| 43 | ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | -- | 2 | -- |
| 44 | ഏഷ്യാനെറ്റ് | -- | -- | 1 |
| 45 | സി - ആപ്റ്റ് | 1 | 1 | 3 |
| 46 | കയർഫെഡ് | -- | 3 | 5 |
| 47 | ഡ്രഗ്സ് കൺട്രോൾ | -- | 1 | -- |
| 48 | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് | 1 | -- | -- |
| 49 | ഫയർ ആന്റ് റസ്ക്യു | -- | 1 | -- |
| 50 | വനം | 1 | 4 | 2 |
| 51 | ഉന്നത വിദ്യാഭ്യാസം | 2 | 3 | -- |
| 52 | ഹോമിയോപ്പതി | 1 | -- | -- |
| 53 | ഇൻഫർമേഷൻ ടെക്നോളജി | 3 | -- | 4 |
| 54 | ഉൾനാടൻ ജലഗതാഗതം | 3 | 3 | 4 |
| 55 | കേരള ആട്ടോമൊബൈൽസ് | -- | -- | 4 |
| 56 | കേരള ടൂറിസം വികസന കോർപ്പറേഷൻ | 2 | -- | 4 |
| 57 | കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | 5 | 8 | 28 |
| 58 | നിയമം | 1 | 2 | -- |
| 59 | മൈനിംഗ് ആന്റ് ജിയോളജി | 3 | 7 | 3 |
| 60 | സേവന നികുതി | 1 | -- | 3 |
| 61 | സാങ്കേതിക വിദ്യാഭ്യാസം | 2 | 3 | -- |
| 62 | ട്രാവൻകൂർ ടൈറ്റാനിയം | 1 | 2 | 1 |
| 63 | വനിതാ വികസന കോർപ്പറേഷൻ | 1 | -- | -- |
| 64 | ബിവറേജസ് കോർപ്പറേഷൻ | -- | -- | 1 |
| 65 | കേരള ക്രിക്കറ്റ് അസോസിയേഷൻ | 1 | -- | 4 |
| 66 | ഭൂജലം | 1 | 8 | -- |
| 67 | സാംസ്കാരികം | -- | 1 | 1 |
| 68 | വിശാല കൊച്ചി വികസന അതോറിറ്റി | -- | -- | 2 |
| 69 | കൺസ്യൂമർ ഫെഡ് | -- | -- | 2 |
| 70 | കായികം | 2 | 5 | -- |
| 71 | കോളേജ് വിദ്യാഭ്യാസം | 2 | 0 | 2 |
| 72 | വഖഫ് ബോർഡ് | -- | -- | 2 |
| 73 | തൊഴിൽ | 1 | -- | -- |
| 74 | കേരള ഹൗസിംഗ് ബോർഡ് | 3 | 1 | 1 |
| 75 | സ്റ്റാറ്റിസ്റ്റിക്സ് | 1 | -- | -- |
| 76 | പുരാവസ്തു | 1 | 1 | 2 |
| 77 | ലോട്ടറി | 1 | 1 | -- |
| 78 | ഐ.എച്ച്.ആർ.ഡി. | -- | -- | 2 |

**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 27 08.02.2016-ന് മറുപടി നൽകേണ്ടത്

**വികസന-ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>,, മോൻസ് ജോസഫ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി.യു. കുരുവിള | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് നിരവധി വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഈ സർക്കാരിന്റെ കാലത്ത് വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും പ്രാവർത്തികമാക്കാൻ സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതി, മെട്രോ റെയിൽ പദ്ധതി, എൻഡോ സൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം, ഭീകരാക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ മക്കൾക്ക് എം.ബി.ബി.എസിന് അപേക്ഷിക്കാം, ഹീമോഫീലിയ രോഗികൾക്ക് മരുന്ന് ആജീവനാന്തം സൗജന്യം, മുന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്ക് പഠന പരിശീലന ധനസഹായം, ഇ-ട്രഷറി റീഫണ്ട് സംവിധാനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേരളം ഒന്നാമത്, കാഴ്ച വൈകല്യമുള്ളവർക്ക് ക്ഷേമ പദ്ധതി, 24 മണിക്കൂറും പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയുടെ കോൾ സെന്റർ, കെ.എസ്.ആർ.ടി.സി കൂടുതൽ അന്തർ സംസ്ഥാന പദ്ധതികൾ, ശരണ്യ തൊഴിൽ പദ്ധതി, 18 വയസ്സിന് താഴെയുള്ളവർക്ക് സൗജന്യ കാൻസർ ചികിത്സ, കാൻസർ രോഗികൾക്ക് ബസ് യാത്രാ നിരക്കിൽ ഇളവ്, കാരുണ്യാ ബെനവലന്റ് പദ്ധതി, പട്ടിക വർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതി, കായിക താരങ്ങൾക്ക് സർക്കാർ ജോലി, കയർ വ്യവസായ യൂണിറ്റുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, തൈക്കാട് ആശുപത്രിയിൽ വന്ധ്യതാ ചികിത്സാ കേന്ദ്രം, പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളാൻ നടപടി, യെമനിൽ നിന്ന് നെടുമ്പാശ്ശേരിയിലെത്തിയവരെ സൗജന്യമായി നാട്ടിലെത്തിക്കൽ, ഫ്രണ്ട്സ് സേവനകേന്ദ്രത്തിലെ ഫീസീടാക്കാനുള്ള നിർദ്ദേശം പിൻവലിച്ചത്, ആശാ പ്രവർത്തകർക്ക് ഇൻഷ്വറൻസ് പരിരക്ഷ, കേരളത്തിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം, എല്ലാ വിദ്യാലയങ്ങളിലും സഹായപ്പെട്ടികൾ സ്ഥാപിക്കാനുള്ള നിർദ്ദേശം, പോളിഹൗസ് കർഷകർക്ക് വൈദ്യുതി സബ്സിഡി, ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കാത്ത ജൈവ വൈവിധ്യ സംരക്ഷണം, കേരളം മികച്ച ഇ-ഗവേണൻസ് സംസ്ഥാനം, കായിക വൈകല്യമുള്ളവർക്ക് വോട്ട് രേഖപ്പെടുത്താൻ പ്രത്യേക സൗകര്യം, ഗുണ നിലവാരമില്ലാത്ത മരുന്നുകൾക്ക് നിരോധനം, സിവിൽ സർവ്വീസ് മെയിൻ സൗജന്യ പരിശീലനം, IITF 2015 മെയ്ക്ക് ഇൻ കേരളയുമായി കേരള പവലിയൻ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രൊട്ടക്ഷൻ സെൽ, വിമുക്തഭടന്മാരുടെയും |
| (ബി) | വികസന-ക്ഷേമ പ്രവർത്തനങ്ങൾ വിപുലമായി നടപ്പാക്കുന്നതിന് ഇനിയും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ആശ്രിതരുടെയും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത്, ദേശീയപാതയിൽ അപകടപ്പെടുന്നവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കും, പ്രമുഖ പത്രപ്രവർത്തക പെൻഷൻ വർദ്ധിപ്പിച്ചു, വിതുരയിൽ ഐസർ കാമ്പസ് പ്രവർത്തനം ആരംഭിച്ചു, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ സെക്യൂരിറ്റി കാർഡും പ്രോസ്പെക്ടസും, പ്രതിരോധ സേന- സൗജന്യ പ്രീറിക്രൂട്ട്മെന്റ് പരിശീലനം, രണ്ടു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ അമ്മമാരെ തിരഞ്ഞെടുപ്പ് ജോലിയിൽ നിന്ന് ഒഴിവാക്കി, കൈപ്പാട്-പൊക്കാളി സംയോജിത മത്സ്യ നെൽ കൃഷിക്ക് ധനസഹായം, വികസന വാർത്തകൾ ഇനി ദൃശ്യങ്ങളായി സ്മാർട്ട് ഫോണിൽ, സെക്രട്ടേറിയറ്റ് അനക്സ് -II ഉദ്ഘാടനം തുടങ്ങിയ സുപ്രധാനമായ വികസന ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ കാലാകാലങ്ങളിൽ ക്രിയാത്മകമായി നടപ്പിലാക്കിയിട്ടുണ്ട്. വികസന ക്ഷേമപ്രവർത്തനങ്ങൾ ഇനിയും കാലാകാലങ്ങളിൽ നടപ്പിലാക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ